## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2391** 19/07/2016-ൽ മറുപടിയ്ക്ക്

### "ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ള സ്ഥലവും കെട്ടിടങ്ങളും"

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ : | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളിയിൽ ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തും കെട്ടിടങ്ങളിലും ഇപ്പോൾ ഏതെങ്കിലും സ്ഥാപനങ്ങളോ സർക്കാർ വകുപ്പുകളോ പ്രവർത്തിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (എ)<br>&<br>(ബി) | ഉണ്ട്. കേരള സ്റ്റേറ്റ് മൈനോറിറ്റി വെൽഫയർ ഡിപ്പാർട്ട് മെന്റിന്റെ കീഴിലുള്ള മുസ്ലീം യൂത്ത് പരിശീലന കേന്ദ്രവും മൃഗാശുപത്രിയും പ്രവർത്തിക്കുന്നുണ്ട്.<br>ഇടക്കുളങ്ങര ദേവസ്വവുമായി ബന്ധപ്പെട്ട് ഒരു കേസ് നിലവിലുണ്ട്. |
| (ബി) | ഏതെങ്കിലും പ്രത്യേക വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും പ്രസ്തുത സ്ഥലവുമായി ബന്ധപ്പെട്ട് കേസ് നിലവിലുണ്ടോയെന്നുമുള്ള വസ്തുതകൾ വിശദമാക്കാമോ; | | |
| (സി) | മൃഗസംരക്ഷണവകുപ്പിന് പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്നും നിലവിൽ കെട്ടിടം നിർമ്മിക്കുന്നതിന് തടസമുണ്ടോയെന്നും വിശദമാക്കാമോ? | (സി) | മൃഗസംരക്ഷണ വകുപ്പിന് പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ അനുമതിലഭിച്ചിട്ടില്ല. നിലവിൽ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാരിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ